# അക്കാദമിക മാസ്റ്റർ പ്ലാൻ




# മരുതായി എൽ.പി. സ്കൂൾ

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

2025-26



ക്ലാസ്
# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ: മരുതായി എൽ.പി

ക്ലാസ്: I - IV

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

**ആമുഖം**

"EDUCATION IS THE MANIFESTATION OF PERFECTION THAT ALREDY EXIST IN MAN"- SWAMI VIVEKANANDAN

മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത്. കേവലം വിദ്യ അഭ്യസിക്കുക എന്നതിലുപരി മനുഷ്യന്റെ മാനസികവും വൈകാരികവും വൈജ്ഞാനികവും കായികവുമായ വികാസമാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ വികാസ പ്രക്രിയയുടെ രൂപാന്തരം നടക്കുന്ന ഇടങ്ങളാണ് വിദ്യാലയങ്ങൾ. അതിന്റെ പൂർണ്ണതയ്ക്ക് ഭൗതിക സാഹചര്യങ്ങൾ, പഠനമാധ്യമങ്ങൾ, സമൂഹം എന്നിവയുടെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണ്.

വിദ്യാലയവും വിദ്യാലയ കാഴ്ചപ്പാടുകളും അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഞങ്ങളുടെ വിദ്യാലയത്തിൽ പുതിയ വികസന കാഴ്ചപ്പാടുകൾക്കനുസരിച്ച് നടക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമായ പ്രവർത്തനങ്ങളുടെ ഒരു ചെറിയ രൂപരേഖയാണിത്. സ്കൂൾ വികസനമെന്ന മഹത്തായ ലക്ഷ്യം കൈവരിക്കാൻ ഇത് ഏറെ സഹായകരമാകുമെന്ന് ശുഭപ്രതീക്ഷയോടെ...

**ചരിത്രം**

ഏകദേശം നൂറ്റിഇരുപതോളം വർഷത്തെ പഴക്കമുള്ള ഒരു സരസ്വതി ക്ഷേത്രമാണ് മരുതായി എൽ. പി. സ്കൂൾ. മരുതായി, നാലാങ്കേരി, പയ്യപ്പറമ്പ് പ്രദേശങ്ങളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം എന്ന നിലയിലാരംഭിച്ച പ്രസ്തുത സ്കൂൾ മട്ടന്നൂർ മണ്ണൂർ റോഡരികിൽ കോളാരി വില്ലേജിൽ മരുതായി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു.

1932ലാണ് അംഗീകാരം ലഭിച്ചത്. എങ്കിലും സമീപവാസികൾക്ക് വിജ്ഞാനസ്രോതസായി കുടിപ്പള്ളിക്കൂടം എന്ന പേരിൽ ഈ വിദ്യാലയം കീർത്തി കേട്ടിരുന്നു. മരുതായി കേളോത്ത് കുഞ്ഞികൃഷ്ണൻ നമ്പ്യാരായിരുന്നു പ്രഥമ മാനേജരും പ്രധാനാധ്യാപകനും.

ഇവിടെ നിന്നും വിദ്യാഭ്യാസം നേടിയ ഒട്ടനവധി പേർ ഇന്ത്യയ്ക്കകത്തും പുറത്തുമായി വിവിധ മേഖലകളിൽ ജോലി ചെയ്തുവരുന്നു. മരുതായി നാലാങ്കേരി പ്രദേശങ്ങളിലെ കുട്ടികൾക്ക് വിജ്ഞാനത്തിന്റെ പ്രകാശം ചൊരിഞ്ഞുകൊണ്ട് ഒരു കെടാവിളക്കായി നിലകൊള്ളുകയാണ് മരുതായി എൽ.പി. സ്കൂൾ.

**സ്കൂളിന്റെ നിലവിലെ അവസ്ഥ**

ഈ സ്കൂളിന് ക്ലാസ് മുറികളും ഓഫീസുമുറിയും ഉൾപ്പെട്ട സെമിപെർമെനന്റ് ആയ ഓടുമേഞ്ഞ കെട്ടിടമാണുള്ളത്. 1 മുതൽ 4 വരെ ക്ലാസുകളിലായി [illegible] കുട്ടികൾ ഇവിടെ പഠിക്കുന്നു. [illegible] കുട്ടികൾ പഠിക്കുന്ന ഒരു പ്രീ പ്രൈമറി വിഭാഗവും ഇവിടെ പ്രവർത്തിച്ച് വരുന്നു. അഞ്ച് അധ്യാപകരാണ് ഇവിടെ നിലവിലുള്ളത്. എച്ച്.എം. റും സ്മാർട്ട് ക്ലാസ് റും എന്നിവ ഇവിടെ ആവശ്യമുണ്ട്. ബെഞ്ച്, മേശ, കസേര, ഡെസ്ക് തുടങ്ങിയവ കഴിഞ്ഞ അധ്യയന വർഷം ആവശ്യത്തിനനുസരിച്ച് ഉണ്ടാക്കിയിട്ടുണ്ട്. ഈ വർഷം തറ പൂർണ്ണമായും സിമന്റിടുകയും ചുമർ തേക്കുകയും ചെയ്തിട്ടുണ്ട്. ക്ലാസ് മുറി വൈദ്യുതീകരിക്കൽ, ഫാൻ, മൈക്ക് സെറ്റ്, സ്റ്റേജ് എന്നിവ ഈ വർഷത്തെ നേട്ടങ്ങളാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മൂത്രപ്പുര ഉണ്ട്. [illegible] ടോയ്‌ലറ്റ് പഴയ രീതിയിലുള്ളതും ആധുനിക രീതിയിലുള്ളതും ഓരോന്നു വീതമുണ്ട്. ലൈബ്രറിയിൽ പുസ്തകങ്ങൾ ഉണ്ടെങ്കിലും ഇരുന്ന് വായിക്കാനും അവ ക്ലാസ് മുറികളിൽ സൂക്ഷിച്ച് വെക്കാനുമുള്ള സൗകര്യമില്ല. ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടുണ്ട് [illegible]

# Class I

അക്കാദമിക മാസ്റ്റർ പ്ലാൻ
ഒന്നാം ക്ലാസ്

ട്രാക്ക്.

- ക്ലാസ് പി.ടി.എ
- നിർമ്മാണ ശില്പശാല } ജൂൺ.
- വായനോത്സവം

പ്രവർത്തന കലണ്ടർ.

1) സംയുക്ത ഡയറി - ജൂൺ - മാർച്ച്.

* കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക
* പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.
* കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും ഉചിതമായ ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
* ആശയവതരണ രീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നായ രീതിയിൽ സംയുക്തഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

2) വായനോത്സവം. – ജൂൺ 19 – മാർച്ച്

- രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചു കേട്ട് കുട്ടികൾ അവ ക്ലാസിൽ അവതരിപ്പിക്കൽ.
- വായനാനുഭവം ക്ലാസിൽ പങ്കിടാനും കഥയെ പാട്ടാക്കാനും കഥ മാറ്റി പറയാനും ചിത്രം വരയ്ക്കലും.
- ടീച്ചർ നിർദ്ദേശിക്കുന്ന ഭാഗം വായിക്കൽ. ഇഷ്ടമുള്ള ഭാഗം വായിക്കുക.
- സംയുക്ത വായന.
- വായിച്ച പുസ്തകത്തിലെ ഉള്ളടക്കം ചിത്രകഥാരൂപത്തിലാക്കൽ.

3) പാട്ടരങ്ങ്. ജൂൺ - മാർച്ച്

- ഓരോ ടേമിലെയും പാഠങ്ങളുമായി ബന്ധപ്പെട്ട പാട്ട് കൂട്ടങ്ങൾ അവതരിപ്പിക്കൽ.
- ബാലകവിതകളും കുട്ടിപ്പാട്ടുകളും കേട്ടും വായിച്ചും ആസ്വദിക്കുക.
- ചൊല്ലികേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചു കൊണ്ട് ഏറ്റുചൊല്ലുക.
- പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ചെയ്യുക.
- സർഗാത്മക, സൗന്ദര്യാത്മക വികാസം നേടുക.
- ഭാഷാവികാസം നേടുക.
- വരികൾ കൂട്ടിച്ചേർത്ത് പാടാൻ കഴിവുനേടുക.

4) രചനോത്സവം - ആഗസ്റ്റ് - മാർച്ച്.

- കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്.
- സ്വതന്ത്ര രചനക്ക് അവസരം ഒരുക്കുക.
- അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.
- രചനകൾ സുഹൃത്തുമായി പങ്കിടുക.
- സംയുക്ത രചന.

5) റീഡേഴ്സ് തീയറ്റർ - ജനുവരി - മാർച്ച്

- ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുവാനുള്ള കഴിവ് വളർത്തുക.
- വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്.

# Academic master Plan - English

Aim : To Speak, Read and write English without any mistakes

Time : June - March

- Listen to narratives and teacher talks and show signs of understanding verbally and non verbally
- Familiarise with words denoting colours and numbers (1-10)
- Identify the letters with their sounds.

## Listening skills June - March

Games, action songs Hello English activities, & conversations,

Skit stories.

## Speaking skills June - March

Descriptions, growing sentences, Picture reading, Picture description, Self introduction. Assembly activities speech. book review, quiz riddles, school radio etc.

## Reading Skills

News Paper reading, library books reading, book review, reading break news, find words. collect and read Past tense, rhymming words, describing word etc Text-book activities.

## Writing Skills

Make word web, Picture description, word chain, Make words and Sentences, Make sentence chain, more lines, develop story, riddles, conversations, description, notice proclamation, diary letter announcement, mangazines.

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം

1) പ്രാഗ് ഗണിതാശയങ്ങൾ (സ്ഥലപരം, സ്ഥാനപരം)
2) ഒറ്റക്കസംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും.
3) ഒറ്റക്ക സംഖ്യകൾ ആരോഹണ / അവരോഹണ ക്രമത്തിലാക്കൽ
4) രണ്ട് ഒറ്റക്ക സംഖ്യകളുടെ സങ്കലനം.
5) രണ്ട് ഒറ്റക്ക സംഖ്യകളുടെ വ്യവകലനം.
6) ഒറ്റക്ക സംഖ്യ വ്യാഖ്യാനം.
7) ഒറ്റക്ക സംഖ്യാ പാറ്റേൺ
8) രണ്ടക്ക സംഖ്യ (20-ൽ താഴെ) കളുടെ സങ്കലനം
9) രണ്ടക്ക സംഖ്യ (20-ൽ താഴെ) കളുടെ വ്യവകലനം
10) 20 ൽ താഴെയുള്ള സംഖ്യകളുടെ സംഖ്യാ വ്യാഖ്യാനം.
11) 20 ൽ താഴെയുള്ള സംഖ്യകളുടെ പാറ്റേൺ.
12) ഒന്നു മുതൽ 100 വരെ എഴുതാനും വായിക്കാനും
13) പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന്. (രൂപയും പൈസയും)

# Class II

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

. വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ✨

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✨•✨•✨•✨•

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

🪶🪶🪶🪶

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ ഭ്രാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

❁❁❁

❁ വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

❁ ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

❁ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

❁ വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

❁ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

❁❁❁❁❁❁❁❁❁

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം Std 2

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

❁ പ്രവർത്തന ലക്ഷ്യങ്ങൾ

❁ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.

❁ സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.

❁ ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

❁ ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

❁ ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

❁ പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

❁ ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

❁ പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

❁ 1, 2, 3, 4 ......

1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

- ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ

❁ ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

❁ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

❁ സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

❁ സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

❁ സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

❁ പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

❁ "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

❁ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

❁ സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

❁ സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)

❁ രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്യുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.
ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

Academic master plan
English
Aim . : To speak, Read, & write English without any mistakes
Time - June ,July, August
June
Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# Class III

## Standard : III 202_ - 202_

## ഗണിതം - മാസ്റ്റർ പ്ലാൻ

### ആമുഖം :-

- ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വയത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചുവരുമാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. അതിനാൽ അവരിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി ആവിഷ്കരണം ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം [illegible] പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

### ലക്ഷ്യങ്ങൾ :-

- മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.
- ഗണിത പഠനം ഉല്ലാസപ്രദവും ആനന്ദകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പിക്കുക.
- സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷികൾ ഉറപ്പിക്കുക
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക., ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു

### പ്രവർത്തന പദ്ധതികൾ

* ജൂൺ
  - ഗണിത വിജയം കളികൾ
  - സംഖ്യകൾ എഴുതിയ നമ്പർ കുട്ടികൾക്ക് നൽകുന്നു (…
  - കിട്ടിയ സംഖ്യ വായിക്കുന്നു.
  - മുമ്പുള്ളവർ സംഖ്യ എഴുതുന്നു
  - തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാനവസരം
  - ആരോഹണ, അവരോഹണത്തിൽ പറയുന്നു, എഴുതുന്നു
* ജൂലായ് :-
  - ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു

- [illegible] സംഖ്യകൾ ആവുന്നു (10 എണ്ണം)
- ഇവയെ ഈർക്കിലോട് ഉപയോഗിച്ച് 1, 10, 100, എന്ന കൂട്ടങ്ങളാക്കി മാറ്റുന്നു
- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ എഴുതാം (B.B)
- ഗ്രൂപ്പിൽ B.Bയിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു

+ ആഗസ്റ്റ്:-
- സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.
- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യനിർമിക്കുന്നു.
- 100 വീതം കൂട്ടി 1000 വരെ പറയുന്നു

+ സെപ്തംബർ:-
- സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.
- അവതമ്മിലുള്ള സങ്കലനം, വ്യവകലനം എന്നിവ കണ്ടെത്തുന്നു.
- ക്രിയ ചെയ്യുന്നു.

+ ഒക്ടോബർ:-
- ഗണിത വിജയം കളികൾ (തുടർച്ച)
- അധ്യാപിക B.Bയിൽ സംഖ്യ എഴുതുന്നു
- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് നൽകൽ.
- ക്രിയ ചെയ്ത് ഏതിന്റെ ഉത്തരമാണ് B.Bയിൽ ഉള്ളതെന്ന് കണ്ടെത്തുന്നു.

+ നവംബർ:-
- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു
- കിട്ടിയ സംഖ്യ ചാർട്ടിൽ ക്രിയ നോക്കി ഉത്തരം കണ്ടെത്തി ഒട്ടിക്കുന്നു.

+ ഡിസംബർ :-

- വർക്ക് ഷീറ്റ് പ്രവർത്തനത്തിന് സാധ്യത കൂടുതൽ
- ഗണിതാശയ രൂപീകരണ സന്ദർഭങ്ങൾ
- തെറ്റുകൾ ആവർത്തിക്കാതെ പ്രയോഗിക്കാനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കൽ
- ഗണിത കേളികളിൽ ഏർപ്പെടുന്നു.

+ ജനുവരി :-

- ചെറുകട കണക്ക് (ക്ലാസിൽ)
- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ etc. ഇവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു
- കളിനോട്ട് ഉപയോഗപ്പെടുത്തി ചെറുകടകളി കളിക്കുന്നു.
- സാധനം വാങ്ങുകയും പണം കൈമാറ്റം ചെയ്യുകയും ചെയ്യുന്നു
- പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു.

+ ഫെബ്രുവരി :-

- പ്രായോഗിക പ്രശ്ന പരിഹരണം നടത്തുന്നു
- ത്രാസ്, അളവ് പാത്രങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനം

+ മാർച്ച് :-

- ഗണിത വിജയ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തൽ
- CPTA നടത്തുന്നു.
- മികവുകൾ, പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു

~ x ~ x ~ x ~ x ~ x -

## Standard - III 2025-2026

### മലയാളം: മാസ്റ്റർ പ്ലാൻ

**ആമുഖം:-**

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ അദ്ധ്യാപകരും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതകളെയും പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

**ലക്ഷ്യം:-**

+ ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ. (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ)

**പ്രവർത്തന പദ്ധതികൾ:-**

+ **ജൂൺ**
  - വിജയ സ്പർശം (
  - പ്രീ ടെസ്റ്റ് നടത്തുന്നു. (2.6.2023)
  - അവലോകനം നടത്തൽ
  - വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.
  + സി.പി.ടി.എ. മീറ്റിംഗ് നടത്തുന്നു.

• **ജൂലായ്**
  - ചിത്രം വീഡിയോ കാണിക്കുന്നു.
  - വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു
  - ഓരോന്നിന്റെയും പേരുകൾ പറയുന്നു. എഴുതുന്നു (പദസൂര്യൻ)
  - മറ്റ് പദങ്ങൾ കണ്ടെത്തി എഴുതുന്നു.

ആഗസ്റ്റ്

- ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും, കാണാനും പുനരവതരണത്തിനുമുള്ള അവസരം നൽകുന്നു.
- കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു. എഴുതുന്നു
- വാക്യങ്ങൾ നിർമ്മിക്കുന്നു.

+ സെപ്തംബർ :-

- കഥ അവതരിപ്പിക്കുന്നു.
- ചോദ്യങ്ങൾ - ഉത്തരങ്ങൾ കണ്ടെത്തുന്നു.
- കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു, പേര് എഴുതുന്നു.

+ ഒക്ടോബർ :-

- വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ
- ചിത്രം നോക്കി പേര് എഴുതൽ
- "മല, വലിയ മല, മരങ്ങളുള്ള വലിയ മല"
- ഇത് പോലെയുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തി എഴുതൽ

+ നവംബർ :-

- ചിഹ്നങ്ങൾ ഉറപ്പിക്കൽ
- ICT - ചിത്രം കാണിക്കുന്നു. വാക്യങ്ങൾ എഴുതൽ
- പരിചിതമായ വാക്യങ്ങൾ, ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ
- ഉചിതമായ ചിഹ്നങ്ങൾ ചേർക്കാനവസരം നൽകുന്നു

+ ഡിസംബർ :-

- ലഘുവായ വായനാ കാർഡുകൾ അധ്യാപികയുടെ സഹായത്തോടെ വായിക്കൽ
- സ്വയം വായിക്കാനുള്ള അവസരം നൽകൽ

* ജനുവരി:-

- അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു
- കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു.
- കഥയിലെ കഥാപാത്രങ്ങൾ പറയിപ്പിക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.

* ഫെബ്രുവരി:-

- കഥാ ചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു.
- ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു.
- കഥാ പതിപ്പ് തയ്യാറാക്കുന്നു.

* മാർച്ച്:-

- CPTA നടത്തുന്നു.
- വായനയിലും, എഴുത്തിലും കുട്ടിയുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- മികവുകൾ പരിചയപ്പെടുത്തുന്നു.
- അവതരിപ്പിക്കുന്നു.

## Standard: III 2025-2026

## പരിസര പഠനം:- മാസ്റ്റർ പ്ലാൻ

**ആമുഖം:-**

- കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഉറപ്പാക്കേണ്ടത്. പരിസര പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരൻമാരാക്കി മാറ്റുക.

**ലക്ഷ്യം.**

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- കുട്ടികളെ വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും, താൽപര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക

**പ്രവർത്തന പദ്ധതികൾ**

* **ജൂൺ - ജൂലായ്**
  - പ്രീ ടെസ്റ്റ്
  - അവലോകനം
  - പ്രകൃതി നടത്തം (
  - ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം
  - പ്രത്യേകതകൾ മനസിലാക്കൽ
  - വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം
  - ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച

- സ്കൂൾ പച്ചക്കറി തോട്ട നിർമ്മാണം (പരിസ്ഥിതി ദിനം)
- പരിപാലനം
- വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തൈ പരിപാലിക്കൽ
- പരിസര മലിനീകരണം (ചർച്ച) പരിസര മലിനീകരണം, ജല മലിനീകരണം.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.

+ ജൂലായ് – സെപ്തംബർ:-

- ദിന കൃത്യങ്ങൾ
- രാവിലെ ദിനവും ചെയ്യേണ്ട കൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.
- ദിവസ പരിശോധന - ചുമതലക്ക് ഗ്രൂപ്പുകളാക്കുന്നു
- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- വ്യക്തി ശുചിത്വം, ക്ലാസ്സും, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
- പരിസരങ്ങളിൽ പതിക്കുന്നു.

+ ഒക്ടോബർ – ഡിസംബർ:-

- ഫീൽഡ് ട്രിപ്പ്
- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (കുളം, വയൽ, പുഴ)
- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു
- പരിസരങ്ങളിൽ പതിക്കുന്നു.

+ ജനുവരി – മാർച്ച്

- [illegible] ആരോഗ്യം ഉയർത്തുന്ന പരിശീലനങ്ങളിൽ ഏർപ്പെടുന്നു.

- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു.
- പക്ഷി നിരീക്ഷണത്തിന് അവസരം
- പച്ചക്കറിത്തോട്ടത്തിൽ കിളികൾക്ക് ദാഹ ജലം സജ്ജീകരണം.

Standard: III . 2025-2026

English - Master plan

AIM:-
- To speak, Read & write English without any mistakes

Time:- June to march.

To check the vocabulary and writing skills of pupils.

Activities

June and July -

- Pre test
- To develop listening skills and reading skills.

Listening skills:-

- Games, Action songs.
- Hello English Activities
- conversations
- Skit stories, use ICT

Speaking skills:-

- Identify the naming words from the picture
- Identify the action words from the same picture.
+ Make the simple sentences using the action word about the picture
+ Make simple description about the picture

- Growing sentences picture reading self introductions.

+ August and september

  - Develop the creative speaking and writing

Reading Skills

- Books reading
- Find words
- Collect and read past tense
- Rhyming words
- T.B Activities

Writing Skills

- make word web
- picture description
- Word chain
- Make words & sentences
- Make riddles, conversations
- Add more Lines.

• October and november

  + To express thoughts, feelings etc....

Reading Skills

- Library book reading
- Conversations, skit, stories, use ICT
- Read notice
- Develop story

Writing Skills

- Description
- Thoughts

- December and January.

  - Develop the creative speaking and writing.

Reading skills

- Library books reading
- Conversations, skit stories use ICT
- Develop story
- Reads dairy

Writing skills

- Dairy
- Announcement

- February and march

  - To improve the presentation power.

Reading Skills

- Library books reading
- Conversations, skit stories
- Develop story.

Writing Skills:-

- Dairy
- Descriptions
- Thoughts
- Exibition.

# Class IV

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹ൨ൈ<br>ഠല൨രവല്യ<br>ടങഇ<br>ഇഹ൨ൈ ജഠഅ | ജഠഅ ഋഃഋ<br>ടങഇ |

## പരിസരപഠനം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപ ര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശേ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |